# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 220 20.06.2012 - ൽ മറുപടിക്ക്

### കുടിവെള്ളവിതരണം - കരാർ വ്യവസ്ഥകളുടെ ലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. സാജു പോൾ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മലിനജലസ്രോതസ്സുകളിൽനിന്നും കുടിവെള്ള വിതരണം ചെയ്യുന്നതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; | (എ) കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിൽ എത്തിക്കുന്നത്. ജല അതോറിറ്റി മലിനജലസ്രോതസ്സുകളിൽ നിന്നും ജലവിതരണം ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കുടിവെള്ളം എത്തിക്കുന്നതിന് കരാറെടുത്തിട്ടുള്ളവർ കരാർ വ്യവസ്ഥകൾ ലംഘിച്ചാൽ അവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) കേരള ജല അതോറിറ്റി മറ്റുള്ള ഏജൻസികളുമായി കുടിവെള്ള വിതരണത്തിന് കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| സി കരാറിൽ ഏർപ്പെടാതെയും വ്യവസ്ഥകൾ ലംഘിച്ചും കുടിവെള്ള വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടി എന്താണെന്നു വ്യക്തമാക്കുമോ? | (സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ